പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 618** 05/06/2018 ൽ മറുപടിക്ക്

## പൊതുമേഖല സ്ഥാപനങ്ങളുടെ വിലയിരുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലാക്കി എന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവങ്കൂർ കൊച്ചിൻ കെമിക്കത്സ് ലിമിറ്റഡ്, ടെൽക്ക്, സ്റ്റീൽ ആൻറ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവർത്തിച്ചത്. |
| (ബി) ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളാണ് ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) 2017-18 സാമ്പത്തിക വർഷാവസാനം നഷ്ടത്തിൽ പ്രവർത്തിച്ച 26 സ്ഥാപനങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത സ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നടത്തി വരുന്നു. ഓരോമേഖലയിലും വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി പഠനം നടത്തി നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി സ്വയം പര്യാപ്തത കൈവരിക്കേണ്ടതിലേക്കായി അതത് കമ്പനികൾക്ക് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. പ്രവർത്തന മൂലധനം ശോഷിച്ച് ഇല്ലാതായ കമ്പനികൾക്ക് പ്രവർത്തനമൂലധനം നൽകിവരുന്നു.<br>പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതം 2016-17 സാമ്പത്തിക വർഷം മുതൽ പടിപടിയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Name of the Company |
|---|---|
| 1 | KEMDEL |
| 2 | KELPALM |
| 3 | Keltron Component Complex Ltd |
| 4 | The Metal Industries Ltd |
| 5 | Trivandrum Spinning Mills Ltd |
| 6 | HANVEEV |
| 7 | Handicrafts Dev Corp. (Kerala) Ltd |
| 8 | Kerala Clays & Ceramic Products Ltd |
| 9 | The Kerala Ceramics Ltd |
| 10 | Traco Cable Company Ltd |
| 11 | HANTEX |
| 12 | Sitaram Textiles Ltd |
| 13 | The Malappuram Co-op. Spinning Mills |
| 14 | Kerala Automobiles Ltd |
| 15 | The Cannannore Co-op.S pinning Mills |
| 16 | The Trichur Co-operative Spinning Mills |
| 17 | United Electrical Industries Ltd. |
| 18 | Alleppey Co-operative Spinning Mills Ltd |
| 19 | The Quilon Co-operative Spinning Mills |
| 20 | Kerala State Bamboo Corporation Ltd. |
| 21 | Kerala Small Industries Development Corporation Ltd |
| 22 | The Travancore Cements Ltd |
| 23 | Autokast Ltd |
| 24 | SAIL-SCL Kerala Ltd |
| 25 | Kerala Electrical & Allied Engineering Company Ltd |
| 26 | Kerala State Textile Corporation Ltd |

സെക്ഷൻ ഓഫീസർ